(ബി&സി) ഇക്കാര്യം കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്ന വിഷയമാണ്. ഇക്കഴിഞ്ഞ (2003 ജനുവരി മാസം) പ്രവാസി ഭാരതീയ ദിവാസ് ചടങ്ങുകളോടനുബന്ധിച്ച് ഇരട്ടപൗരത്വം നൽകുന്നത് സംബന്ധിച്ച പ്രഖ്യാപനം കേന്ദ്ര സർക്കാർ നടത്തിയിട്ടുണ്ട്.

ഗോവയെ അന്താരാഷ്ട്ര ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദിയാക്കിയ നടപടി

86 (2950) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരാഷ്ട്ര ഫിലിം ഫെസ്റ്റിവലിന് ഗോവയെ സ്ഥിരം വേദിയാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗോവയിലേയും കേരളത്തിലേയും ഈ രംഗത്തെ പ്രവർത്തനങ്ങൾ താരതമ്യം ചെയ്തിട്ടുണ്ടോ ;

(സി) ഫിലിം ഫെസ്റ്റിവെലിന് സ്ഥിരം വേദിയാകാനുള്ള കൂടുതൽ അർഹത കേരളത്തിനാണെന്ന് സർക്കാർ വിലയിരുത്തുന്നുണ്ടോ ;

(ഡി) എങ്കിൽ സ്ഥിരം വേദി കേരളത്തിന് ലഭിക്കാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തുമോ ;

(ഇ) തീരുമാനം പുനഃപരിശോധിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇത് കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനമാണ്.

(ഇ) ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനഗവൺമെന്റും പലച്ചിത്ര അക്കാദമിയും നിവേദനങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

ഭരണഭാഷ മലയാളമാക്കുന്നതിനുള്ള നടപടികൾ

87 (2951) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതൊക്കെ വകുപ്പുകളിൽ പ്രസ്തുത നടപടികൾ പൂർത്തീകരിച്ചു ;

(സി) ഏതൊക്കെ വകുപ്പുകളിൽ പ്രസ്തുത നടപടി പൂർത്തീകരിക്കാനുണ്ട് ; ഇവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭരണഭാഷ മലയാളമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു.

1. അറുപത്തെട്ട് സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധത്തിൽ കാണാവുന്നതാണ്*). കൂടാതെ ഓംബുഡ്സ്മാൻ, ലോകായുക്ത, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, കേരള പി.എസ്.സി. എന്നിവിടങ്ങളും മലയാളം ഔദോഗിക ഭാഷയാക്കിയിട്ടുണ്ട്. കൂടുതൽ ജനസമ്പർക്കമുള്ള പോലീസ്, സഹകരണം, റവന്യൂ, പഞ്ചായത്ത്, സാമൂഹികക്ഷേമം, ഗ്രാമവികസനം എന്നീ ആറു വകുപ്പുകളിൽ ഭാഷാമാറ്റ പുരോഗതി പൂർണ്ണമാക്കുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

2. ക്ലാസ് 3 വിഭാഗത്തിലുള്ള സർക്കാർ ഉദ്യോഗസ്ഥർക്ക് ഭാഷാ പ്രയോഗത്തിലുള്ള വൈമുഖ്യം മാറ്റിയെടുക്കുന്നതിനായി തിരുവനന്തപുരം ഐ.എം.ജി.യിൽ 1999 ആഗസ്റ്റിൽ ആരംഭിച്ച ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി ഐ.എം.ജി.-യുടെ കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

3. 2002 മുതൽ എല്ലാവർഷവും നവംബർ മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതിന് തീരുമാനിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന-ജില്ലാ-താലൂക്ക്-പഞ്ചായത്തുതലങ്ങളിൽ വളരെ വിപുലമായി ആഘോഷം സംഘടിപ്പിക്കുകയുണ്ടായി.

4. സംസ്ഥാനത്തെ ഭാഷാമാറ്റം, അവലോകനം ചെയ്യുന്നതിനായി ഉന്നതതലത്തിലും-സംസ്ഥാന-ജില്ലാ-താലൂക്ക് തലങ്ങളിലും ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

5. ഭരണരംഗത്തെ ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി നിയമസഭയുടെ ഒരു സമിതി രൂപീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6. ബഹു: കേരള ഹൈക്കോടതിക്ക് കീഴിലുള്ള എല്ലാ സിവിൽ കോടതികളിലും, ക്രിമിനൽ കോടതികളിലും കേസ് വിസ്താരം, വിധി പ്രസ്താവം തുടങ്ങിയ എല്ലാ നടപടികൾക്കും മലയാളം ഉപയോഗിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈക്കോടതിയിലെ വ്യവഹാരഭാഷയും, ഭരണഭാഷയും മലയാളമാക്കുന്നതിനുള്ള ചർച്ച നടന്നുവരുന്നു.

7. മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടുള്ള 68 വകുപ്പുകളെ മൊത്തത്തിൽ കണക്കാക്കി താലൂക്ക് തലത്തിൽ ഏറ്റവും കൂടുതൽ ഫയൽ കൈകാര്യം ചെയ്യുന്ന ക്ലാസ്സ്-3 വിഭാഗത്തിലെ ഒരു ഉദ്യോഗസ്ഥന് സത്സേവന രേഖ നൽകിവരുന്നു. ഭരണ ഭാഷയുടെ വ്യാപനം ലക്ഷ്യമാക്കി ഭാഷാമാറ്റത്തിന് നേതൃത്വം നൽകുന്ന ക്ലാസ്സ്-3 ഉദ്യോഗസ്ഥന് പ്രതിവർഷം ഒരാൾക്ക് വീതം ഭരണഭാഷാ അവാർഡും ഭാഷാമാറ്റത്തിനുതകുന്ന സ്വതന്ത്ര കൃതികൾ രചിക്കുന്ന സർക്കാർ ജീവനക്കാർക്കായി ഒരു ഗ്രന്ഥ രചനാ അവാർഡും ഏർപ്പെടുത്താൻ തീരുമാനിച്ചു.

8. വിവിധ വകുപ്പുകളിലെ കോഡുകൾ, മാനുവലുകൾ ചട്ടങ്ങൾ, ഫാറങ്ങൾ തുടങ്ങിയവ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടിയും ആരംഭിച്ചു കഴിഞ്ഞു.

9. വിവര സാങ്കേതിക വിദ്യാ വകുപ്പ്, സിഡിറ്റ്, ഇ ആർ ആന്റ് ഡിസി എന്നിവയുടെ പങ്കാളിത്തത്തോടെ ഏകീകൃത ലിപി വിന്യാസ വ്യവസ്ഥയ്ക്ക് രൂപം നൽകുകയും അതിനനുസൃതമായ കമ്പ്യൂട്ടർ കീ ബോർഡ് ലേ ഔട്ട് തയ്യാറാക്കി മലയാളം സോഫ്റ്റ് വെയർ നിർമ്മിക്കുകയും ചെയ്തു. ഇതിന്റെ വിതരണം സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

10. ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ഔദ്യോഗിക ഭാഷാ മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

11. ഭരണഭാഷ മലയാളം ആക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സ്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ അറിവു പകരുന്നതിനുവേണ്ടി 2002-ലെ ഭരണഭാഷാ വാരാഘോഷത്തോടനുബന്ധിച്ച് എല്ലാ സ്കൂളുകളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

12. ഓഫീസുകളിൽ നിലനിർത്താവുന്ന ഇംഗ്ലീഷ്-മലയാളം ടൈപ്പ്റൈറ്ററുകളുടെ അനുപാതം നിശ്ചയിക്കുകയും അതിനനുസരിച്ച് അവ ക്രമീകരിക്കുന്നതിനു നടപടി സ്വീകരിക്കുകയും ചെയ്തു.

(ബി) സർക്കാരിന്റെ 68 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവിടങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനും ഭാഷാമാറ്റം പൂർണ്ണമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ ഒരു വകുപ്പിലും ഔദ്യോഗിക ഭാഷ മലയാളമാക്കുന്ന നടപടികൾ പരിഗണനയിലില്ല. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇംഗ്ലീഷ് തുടരണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലും തമിഴ്, കന്നഡ എന്നീ ന്യൂനപക്ഷ ഭാഷകൾക്ക് പരിരക്ഷ ഉറപ്പാക്കുന്ന സംഗതികളിലും ഒഴികെ ഭരണത്തിന്റെ എല്ലാതലങ്ങളിലും ഔദ്യോഗികാവശ്യങ്ങൾക്ക് പൂർണ്ണമായും മലയാളം ഉപയോഗിക്കണമെന്ന് കർശനമായി നിർദ്ദേശം നൽകിയിട്ടുണ്ട്.

3 വൈകി കിട്ടിയ ഉത്തരങ്ങൾ

നിർത്തലാക്കിയ റവന്യൂ ഓഫീസുകൾ

88 (2772) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം റവന്യൂ ഓഫീസുകളാണ് നിർത്തൽ ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകളിൽ ഏതെല്ലാം ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുമൂലം റവന്യൂ വകുപ്പിൽ എത്ര തസ്തികകൾ ഇല്ലാതായിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന റവന്യൂ ഓഫീസുകൾ നിർത്തൽ ചെയ്യുകയുണ്ടായി :

1. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.ഐ.പി. നമ്പർ 2 അടൂർ.
2. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.ഐ.പി. നമ്പർ 11, കൊട്ടിയം.
3. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), കെ.ഐ.പി. നമ്പർ 1, അങ്കമാലി.
4. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), നമ്പർ 2, അങ്കമാലി.
5. സ്പെഷ്യൽ തഹസീൽദാർ (എൽ.എ.), മട്ടന്നൂർ, കണ്ണൂർ.

LIBRARY ARCHIVES Kerala Legislative Assembly